**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2547** **04-03-2025 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് റൈസ് പാർക്ക് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് റൈസ് പാർക്ക് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് റൈസ് പാർക്ക് നിർമ്മാണത്തിന്റെ സിവിൽ നിർമ്മാണ ജോലികൾ 85% പൂർത്തിയായിട്ടുണ്ട്. പ്ലാൻറ് ആന്റ് മെഷിനറികൾ പദ്ധതി പ്രദേശത്ത് എത്തിച്ചു തുടങ്ങിയിട്ടുണ്ട്.<br><br>മെഷിനറി ഫൌണ്ടേഷൻ പണികൾ, പ്ലാന്റ് കെട്ടിടത്തിലെ ബ്ലോക്ക് ജോലികൾ, ചരക്ക് സംഭരണ കെട്ടിടത്തിലെ ഫ്ലോറിംഗ് ജോലികൾ, കോമ്പൗണ്ട് മതിലിലെ പെയിൻറിംഗ് ജോലികൾ, സുരക്ഷാ ക്യാബിൻ, തൊഴിലാളികളുടെ വിശ്രമമുറി, വെയിംഗ് ബ്രിഡ്ജ് ക്യാബിൻ എന്നിവിടങ്ങളിലെ ഇലക്ട്രിക്കൽ ജോലികൾ സബ്സ്റ്റേഷനിലെ വിൻഡോ അലുമിനിയം പണി റോഡരികിലെ സംരക്ഷണഭിത്തി ഷട്ടർ സ്റ്റീൽ, കോൺക്രീറ്റ് ജോലികൾ എന്നിവ പുരോഗമിക്കുകയാണ്. |
| (ബി) | റൈസ് പാർക്കിന്റെ നിർമ്മാണത്തിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനി എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും അറിയിക്കാമോ; | (ബി) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് റൈസ് പാർക്ക് നിർമ്മാണത്തിന്റെ സിവിൽ നിർമ്മാണ ജോലികൾ 85% പൂർത്തിയായിട്ടുണ്ട്. പ്ലാൻറ് ആന്റ് മെഷിനറികൾ പദ്ധതി പ്രദേശത്ത് എത്തിച്ചു തുടങ്ങിയിട്ടുണ്ട്.<br><br>മെഷിനറി ഫൌണ്ടേഷൻ പണികൾ, പ്ലാന്റ് കെട്ടിടത്തിലെ ബ്ലോക്ക് ജോലികൾ, ചരക്ക് സംഭരണ കെട്ടിടത്തിലെ ഫ്ലോറിംഗ് ജോലികൾ, കോമ്പൗണ്ട് മതിലിലെ പെയിൻറിംഗ് ജോലികൾ, സുരക്ഷാ ക്യാബിൻ, തൊഴിലാളികളുടെ വിശ്രമമുറി, വെയിംഗ് ബ്രിഡ്ജ് ക്യാബിൻ എന്നിവിടങ്ങളിലെ ഇലക്ട്രിക്കൽ ജോലികൾ സബ്സ്റ്റേഷനിലെ വിൻഡോ അലുമിനിയം പണി റോഡരികിലെ സംരക്ഷണഭിത്തി ഷട്ടർ സ്റ്റീൽ, കോൺക്രീറ്റ് ജോലികൾ എന്നിവ പുരോഗമിക്കുകയാണ്. |

| | | | |
|---|---|---|---|
| (സി) | മുഴുവന്‍ പ്രവൃത്തികളും പൂര്‍ത്തിയാക്കി റൈസ് പാര്‍ക്കിന്റെ പ്രവര്‍ത്തനം എന്നത്തേക്ക് ആരംഭിക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | പാര്‍ക്കിന്റെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ പൂര്‍ത്തിയാകുന്ന മുറയ്ക്ക് റൈസ് പാര്‍ക്കിന്റെ പ്രവര്‍ത്തനം ആരംഭിക്കാന്‍ കഴിയുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍